ആലപ്പുഴ ജില്ലയിലെ കൊലപാതകങ്ങൾ

373. [482] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1982 മേയ് മാസം മുതൽ 1986 സെപ്റ്റംബർ 30 വരെ ആലപ്പുഴ ജില്ലയിൽ നടന്ന കൊലപാതകങ്ങൾ എത്ര ;

(ബി) ഇതിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര ;

(സി) രാഷ്ട്രീയ കൊലപാതകങ്ങളിൽ മരണമടഞ്ഞവരുടെ കക്ഷി ബന്ധം വെളിപ്പെടുത്തുമോ :

(ഡി) രാഷ്ട്രീയ കൊലപാതകങ്ങളിൽ മരണമടഞ്ഞവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 121 കൊലപാതകങ്ങൾ.

(ബി) 12.

(സി) കോൺഗ്രസ് (ഐ) 3
മാർക്സിസ്റ്റ് 3
സി. പി. ഐ. 1
ആർ. എസ്. എസ് 5
കേരള കോൺഗ്രസ് 1

(ഡി)

1	വിശ്വംഭരൻ	ആർ. എസ്. എസ്
2	വാസവൻ	
3	സോമനാഥൻ	
4	കലാധരൻ	
5	മുരളി	
6	ജോയി എന്നു വിളിക്കുന്ന ജോർജ്	കോൺഗ്രസ്-ഐ
7	ബഷീർ	
8	മോഹനൻ	
9	ചക്രപാണി	സി. പി. എം.
10	അച്ചുതക്കുറുപ്പ്	
11	മണി എന്നു വിളിക്കുന്ന പുഷ്പസേനൻ നായർ	
12	മോഹനൻ	(സി. പി. ഐ)
13	എബ്രഹാം ടൈറസ്	(കേരള കോൺഗ്രസ്)

ഓരോ ജില്ലയിലും നടന്ന കൊലപാതകങ്ങൾ

374. [483] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

24-5-1982-നും 30-9-1986-നും ഇടയ്ക്ക് സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1	തിരുവനന്തപുരം	210
2	കൊല്ലം	193
3	പത്തനംതിട്ട	124
4	ആലപ്പുഴ	121
5	കോട്ടയം	185
6	ഇടുക്കി	180
7	എറണാകുളം	204
8	തൃശ്ശൂർ	216
9	പാലക്കാട്	183
10	മലപ്പുറം	106
11	കോഴിക്കോട്	117
12	വയനാട്	60
13	കണ്ണൂർ	113
14	കാസർഗോഡ്	84

കൊല്ലപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗക്കാർ

375. [484] [ശ്രീ. സി. കെ. തങ്കപ്പൻ :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 മേയ് 19 മുതൽ 1986 ഒക്ടോബർ ഒന്നാം തീയതി വരെ കേരളത്തിൽ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട് ;

(ബി) നടന്ന കൊലപാതകങ്ങളിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാർ കൊല്ലപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2089

(ബി) 145

വിഷയം : കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം നടന്ന ഹരിജന മർദ്ദനങ്ങൾ

376. [485] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ മർദ്ദനങ്ങൾ നടന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയാണെന്നും അവയിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം 134 പട്ടികജാതി-പട്ടികവർഗ്ഗ മർദ്ദനങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട 330 പ്രതികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly